# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.265 | 01/12/2014 ൽ മറുപടിക്ക് |

മന്ത്രിമാർക്കെതിരായ അഴിമതി ആക്ഷേപങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | മന്ത്രിമാർക്കെതിരായ അഴിമതി ആക്ഷേപങ്ങൾ ഉണ്ടായാൽ പ്രാഥമിക അന്വേഷണം എത്ര ദിവസത്തിനകം പൂർത്തിയാക്കണമെന്നാണ് സുപ്രീം കോടതി വിധിയിലുള്ളതെന്ന് വ്യക്തമാക്കാമോ ; ഇത് സംബന്ധമായി ഹൈക്കോടതി ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച വിധി പ്രസ്താവം എന്താണെന്നറിയാമോ; | (എ) | മന്ത്രിമാർക്കെതിരെ അഴിമതി ആക്ഷേപങ്ങൾ ഉണ്ടായാൽ 15 ദിവസത്തിനുള്ളിൽ പ്രാഥമിക അന്വേഷണം നടത്തണം എന്നും എന്നാൽ ഒഴിച്ചുകൂടാൻ കഴിയാത്ത സാഹചര്യത്തിൽ വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തി പരമാവധി 6 ആഴ്ചകളിൽ അന്വേഷണം തീർപ്പാക്കണം എന്നുംആണ് Lalita Kumari & others Vs State of UP and others എന്ന കേസിലെ സുപ്രീം കോടതിയുടെ തുടർവിധിന്യായത്തിൽ നിഷ്കർഷിച്ചിരിക്കുന്നത്. |
| (ബി) | നിലവിലുള്ള മന്ത്രിമാർക്കെതിരെ അഴിമതി ആരോപിച്ചു കൊണ്ട് ഈ സർക്കാരിന്റെ കാലത്ത് ലഭിച്ച പരാതികൾ എത്രയാണ് ; വെളിപ്പെടുത്തലുകൾ എത്രയാണ് ; ഇവയുടെ അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ? | (ബി) | ഈ സർക്കാരിന്റെ കാലത്ത് നിലവിലുള്ള മന്ത്രിമാർക്കെതിരെ 34 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 27 പരാതികളിൽ അന്വേഷണം നടത്തി തുടരന്വേഷണം ആവശ്യമില്ലാത്തവ എന്ന് കണ്ട് തീർപ്പാക്കി. 4 പരാതികളിൽ സത്വരാന്വേഷണം നടന്നു വരുന്നു. 2 പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുന്നു. വി.സി.7/13/തൃശ്ശൂർ, വി.സി 18/12/തൃശ്ശൂർ എന്നിവയാണ് അന്വേഷണം നടക്കുന്നത്. ഒരു വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാൻ തിരുവനന്തപുരം വിജിലൻസ് കോടതി ഉത്തരവു നൽകിയെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് സ്റ്റേയിൽ ആണ്. |

സെക്ഷൻ ഓഫീസർ